# PROVISIONAL ANSWER KEY

| | |
|---|---|
| Question Paper Code: | 116/2024/OL |
| Category Code: | 034/2024 |
| Exam: | Peon/Watchman |
| Date of Test | 22-10-2024 |
| Department | Kerala State Financial Enterprises |
| Language: | Malayalam |

Question1:-''സ്വാതന്ത്ര്യം എൻറെ ജന്മാവകാശമാണ് ഞാൻ അത് നേടുക തന്നെ ചെയ്യും'' എന്ന പ്രസിദ്ധമായ പ്രഖ്യാപനം ആരുടേതാണ്?

A:-മഹാത്മാഗാന്ധി

B:-ബാലഗംഗാധര തിലക്

C:-ഭഗത്സിംഗ്

D:-ഝാൻസി റാണി

Correct Answer:- Option-B

Question2:-ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ നിന്നും ഇന്ത്യയുടെ ഭരണം ബ്രിട്ടൺ ഏറ്റെടുത്തത് ഏത് വർഷമായിരുന്നു?

A:-1857

B:-1859

C:-1858

D:-1860

Correct Answer:- Option-C

Question3:-ക്വിറ്റ് ഇന്ത്യാ ദിനം

A:-ആഗസ്റ്റ് 5, 1942

B:-ആഗസ്റ്റ് 6, 1942

C:-ആഗസ്റ്റ് 8, 1942

D:-ആഗസ്റ്റ് 9, 1942

Correct Answer:- Option-D

Question4:-ആര്യസമാജം സ്ഥാപിച്ചതാര്?

A:-സ്വാമി ദയാനന്ദസരസ്വതി

B:-ചട്ടമ്പിസ്വാമികൾ

C:-ശ്രീനാരായണഗുരു

D:-ബിപിൻ ചന്ദ്രപാൽ

Correct Answer:- Option-A

Question5:-1857 ലെ വിപ്ലവത്തിൻറെ ആദ്യ രക്തസാക്ഷി ആര്?

A:-നാനാ സാഹിബ്

B:-ബാലഗംഗാധര തിലക്

C:-മംഗൾ പാണ്ഡെ

D:-താന്തിയാ തോപ്പി

Correct Answer:- Option-C

Question6:-ഇന്ത്യൻ ഭരണഘടന ഔദ്യോഗികമായി നിലവിൽ വന്നത് എന്ന്?

A:-1949 ജനുവരി 26

B:-1950 ജനുവരി 26

C:-1947 ജനുവരി 26

D:-1948 നവംബർ 26

Correct Answer:- Option-B

Question7:-ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ മാറ്റം വരുത്തിയ ഭേദഗതി ഏത്?

A:-52-ാം ഭേദഗതി

B:-32-ാം ഭേദഗതി

C:-42-ാം ഭേദഗതി

D:-44-ാം ഭേദഗതി

Correct Answer:- Option-C

Question8:-മൗലിക കർത്തവ്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാ ഭാഗമേത്?

A:-ഭാഗം V A

B:-ഭാഗം IV A

C:-ഭാഗം IX A

D:-ഭാഗം X A

Correct Answer:- Option-B

Question9:-മൗലിക അവകാശങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

i. ചൂഷണത്തിനെതിരെയുള്ള അവകാശം
ii. സ്വാതന്ത്ര്യത്തിനുള്ള അവകാശം
iii. സ്വത്തവകാശം
iv. സാമ്പത്തിക സമത്വത്തിനുള്ള അവകാശം

A:-i & ii

B:-i & iv

C:-iii & iv

D:-i, ii & iii

Correct Answer:- Option-C

Question10:-ഇന്ത്യ മൗലിക  അവകാശങ്ങൾ കടം കൊണ്ട രാജ്യം ഏത്?

A:-അയർലൻഡ്

B:-കാനഡ

C:-ദക്ഷിണാഫ്രിക്ക

D:-അമേരിക്ക

Correct Answer:- Option-D

Question11:-അയ്യങ്കാളി ജനിച്ചത് എന്നാണ്?

A:-1863 ജൂലൈ 28

B:-1863 സെപ്റ്റംബർ 28

C:-1863 ആഗസ്റ്റ് 28

D:-1863 ജൂൺ 28

Correct Answer:- Option-C

Question12:-ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത കലാപം ഏത്?

A:-ആറ്റിങ്ങൽ കലാപം

B:-മലബാർ കലാപം

C:-ചാലിയം കലാപം

D:-അഞ്ചുതെങ്ങ് കലാപം

Correct Answer:- Option-A

Question13:-ഇന്ത്യൻ  നാഷണൽ കോൺഗ്രസ്സിൻറെ പ്രസിഡൻറ് സ്ഥാനം അലങ്കരിച്ച ഏക മലയാളി ആരായിരുന്നു?

A:-പട്ടം താണുപിള്ള

B:-സി. ശങ്കരൻ നായർ

C:-കെ.പി. കേശവമേനോൻ

D:-കെ. കേളപ്പൻ

Correct Answer:- Option-B

Question14:-തിരുവിതാംകൂർ-കൊച്ചി സംയോജനം നടന്ന വർഷം

A:-1947

B:-1944

C:-1950

D:-1949

Correct Answer:- Option-D

Question15:-തിരുവിതാംകൂറിൽ പ്രാഥമിക വിദ്യാഭ്യാസം സൗജന്യമാക്കിയ ഭരണാധികാരി ആര്?

A:-ഗൗരി ലക്ഷ്മി ഭായി

B:-ഗൗരി പാർവ്വതി ഭായി

C:-സ്വാതി തിരുനാൾ

D:-മാർത്താണ്ഡവർമ്മ

Correct Answer:- Option-B

Question16:-ഇപ്പോഴത്തെ ലോകസഭാ സ്പീക്കർ

A:-ഓം ബിർള

B:-മീര കുമാർ

C:-ജഗ്ദീപ് ധൻഖർ

D:-എം. തമ്പി ദുരൈ

Correct Answer:- Option-A

Question17:-കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മന്ത്രി ആരാണ്?

A:-കെ. രാധാകൃഷ്ണൻ

B:-കെ.എൻ. ബാലഗോപാൽ

C:-ജെ. ചിഞ്ചുറാണി

D:-ഒ.ആർ. കേളു

Correct Answer:- Option-D

Question18:-ആരുടെയെല്ലാം ശ്രമഫലമായാണ് ഇന്ത്യൻ ദേശീയ ബഹിരാകാശ ഗവേഷണ സമിതി രൂപീകൃതമായത്?

A:-ജവഹർലാൽ നെഹ്റു, ഹോമി ജെ. ഭാഭ

B:-വിക്രം സാരാഭായി, എസ്.എൻ. ഭട്നാഗർ

C:-വിക്രം സാരാഭായി, ജവഹർലാൽ നെഹ്റു

D:-ഹോമി ജെ. ഭാഭ, എസ്.എൻ. ഭട്നാഗർ

Correct Answer:- Option-C

Question19:-ഡോ. ഡി.എസ്. കോത്താരി കമ്മീഷനുമായി ബന്ധമില്ലാത്ത പ്രസ്താവനയേത്?

i. ധാർമ്മിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം
ii. സെക്കണ്ടറി തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കണം
iii. 10 + 2 + 3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കണം
iv. അദ്ധ്യാപക പരിശീലന സമിതി രൂപീകരിക്കണം

A:-i

B:-ii

C:-iii

D:-iv

Correct Answer:- Option-D

Question20:-സ്വാതന്ത്ര്യാനന്തരം രൂപീകൃതമായ സംസ്ഥാന പുനഃസംഘടന കമ്മീഷൻ അംഗങ്ങൾ ആരെല്ലാം?

i. എച്ച്. എൻ. കുൻസ്രു
ii. ബി.ആർ. അംബേദ്കർ
iii. കെ.എം. പണിക്കർ
iv. പോട്ടി ശ്രീരാമലു

A:-i and iv

B:-ii and iii

C:-i and iii

D:-ii and iv

Correct Answer:- Option-C

Question21:-ദാരിദ്ര്യ നിർമ്മാർജ്ജനം ഏത് പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യമായിരുന്നു?

A:-ഒന്ന്

B:-മൂന്ന്

C:-അഞ്ച്

D:-ഏഴ്

Correct Answer:- Option-C

Question22:-ഇന്ത്യയും ചൈനയും തമ്മിൽ ഒപ്പുവച്ച പഞ്ചശീലതത്ത്വങ്ങളിലെ നിർദ്ദേശം അല്ലാത്തതേത്?

A:-പരസ്പരം ആക്രമിക്കാതിരിക്കുക

B:-ഐക്യരാഷ്ട്ര സഭയിലുള്ള വിശ്വാസം

C:-അഭ്യന്തര കാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക

D:-സമത്വവും പരസ്പര സഹായവും പുലർത്തുക

Correct Answer:- Option-B

Question23:-'നീതി ആയോഗി'ൻറെ ഇപ്പോഴത്തെ വൈസ് ചെയർമാൻ ആര്?

A:-രാജീവ് കുമാർ

B:-സുമൻ കെ ബെറി

C:-ബി.വി.ആർ. സുബ്രഹ്മണ്യം

D:-ഇവരൊന്നുമല്ല

Correct Answer:- Option-B

Question24:-ഐ.എസ്.ആർ.ഒ.വിൻറെ ഇപ്പോഴത്തെ ചെയർമാൻ ആര്?

A:-ജി. മാധവൻ നായർ

B:-എസ്. സോമനാഥ്

C:-കെ. ശിവൻ

D:-കെ. രാധാകൃഷ്ണൻ

Correct Answer:- Option-B

Question25:-താഴെ നൽകിയിരിക്കുന്നവയിൽ ഇന്ത്യൻ ഉപദ്വീപിൻറെ തെക്കെ അറ്റം

A:-കന്യാകുമാരി

B:-രാമേശ്വരം

C:-ലക്ഷദ്വീപുകൾ

D:-ഇന്ദിരാപോയൻറ്

Correct Answer:- Option-A

Question26:-കേരളത്തിലെ  ഏറ്റവും ചെറിയ ജില്ല ഏത്?

A:-വയനാട്

B:-ഇടുക്കി

C:-ആലപ്പുഴ

D:-പത്തനംതിട്ട

Correct Answer:- Option-C

Question27:-അടുത്തിടെ അന്തരിച്ച യാമിനി കൃഷ്ണമൂർത്തി ഏതു  മേഖലയിലെ പ്രതിഭയാണ്?

A:-സിനിമ

B:-നാടകം

C:-കർണ്ണാടകസംഗീതം

D:-ശാസ്ത്രീയനൃത്തം

Correct Answer:- Option-D

Question28:-രാജസ്ഥാനിലൂടെ ഒഴുകുന്ന  ഒരേ ഒരു നദി ഏത്?

A:-സിന്ധു

B:-മഹാനദി

C:-ലൂണി

D:-കാവേരി

Correct Answer:- Option-C

Question29:-54-ാമത് കേരള ചലച്ചിത്ര പുരസ്കാരം നേടിയ മികച്ച ചിത്രം

A:-ആടുജീവിതം

B:-ആട്ടം

C:-കാതൽ

D:-ഉള്ളൊഴുക്ക്

Correct Answer:- Option-C

Question30:-ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ഏത്?

A:-എവറസ്റ്റ്

B:-ആനമുടി

C:-$K_2$

D:-കൈലാസം

Correct Answer:- Option-C

Question31:-താഴെ നൽകിയിരിക്കുന്നവയിൽ കേരളത്തിലെ ഏറ്റവും വലിയ അണക്കെട്ട്

A:-മലമ്പുഴ

B:-ബാണാസുരസാഗർ

C:-ഇടുക്കി

D:-മുല്ലപ്പെരിയാർ

Correct Answer:- Option-C

Question32:-2024 പാരീസ് ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയ ഷൂട്ടിങ്ങ് താരം

A:-പി.വി. സിന്ധു

B:-നീരജ് ചോപ്ര

C:-വിനേഷ് ഫോഗട്ട്

D:-മനു ഭാക്കർ

Correct Answer:- Option-D

Question33:-ഇന്ത്യയുടെ മധ്യഭാഗത്തുകൂടി കടന്നുപോകുന്ന രേഖാംശരേഖ ഏതാണ്?

A:-ഉത്തരായനരേഖ

B:-ദക്ഷിണായനരേഖ

C:-ഗ്രീനിച്ച് രേഖ

D:-ഭൂമദ്ധ്യരേഖ

Correct Answer:- Option-A

Question34:-മലയാള സിനിമ മേഖലയിലെ സ്ത്രീകൾ നേരിടുന്ന വിവേചനങ്ങളെക്കുറിച്ച് റിപ്പോർട്ട് സമർപ്പിച്ച കമ്മിറ്റി

A:-ബി.എൻ. ശ്രീകൃഷ്ണ കമ്മീഷൻ

B:-ജസ്റ്റിസ് നാനാവതി കമ്മീഷൻ

C:-ജസ്റ്റിസ് ശ്രീ. ആർ. പ്രസാദ് കമ്മിറ്റി

D:-ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി

Correct Answer:- Option-D

Question35:-കേരളത്തിലെ ഏറ്റവും വലിയ മത്സ്യബന്ധന തുറമുഖം ഏത്?

A:-മുനമ്പം

B:-കൊയിലാണ്ടി

C:-നീണ്ടകര

D:-തങ്കശ്ശേരി

Correct Answer:- Option-C

Question36:-ഇന്ത്യയിൽ ഏറ്റവും കൂടുതൽ റബ്ബർ കൃഷി ചെയ്യുന്ന സംസ്ഥാനം

A:-മഹാരാഷ്ട്ര

B:-തമിഴ്നാട്

C:-കേരളം

D:-ഗുജറാത്ത്

Correct Answer:- Option-C

Question37:-ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ കോടതി നിലവിൽ വന്ന സംസ്ഥാനം

A:-ഉത്തർപ്രദേശ്

B:-പഞ്ചാബ്

C:-കേരളം

D:-ഹരിയാന

Correct Answer:- Option-C

Question38:-കേരളത്തിലെ ഏറ്റവും നീളം കൂടിയ നദി

A:-ഭാരതപ്പുഴ

B:-പെരിയാർ

C:-പമ്പ

D:-ചാലിയാർ

Correct Answer:- Option-B

Question39:-സൈലൻറ് വാലി ദേശീയ ഉദ്യാനം സ്ഥിതിചെയ്യുന്ന കേരളത്തിലെ ജില്ല

A:-ഇടുക്കി

B:-വയനാട്

C:-കൊല്ലം

D:-പാലക്കാട്

Correct Answer:- Option-D

Question40:-കേരളത്തിൻറെ സംസ്ഥാന ഫലം ഏത്?

A:-ചക്ക

B:-മാങ്ങ

C:-കൈതച്ചക്ക

D:-കശുമാങ്ങ

Correct Answer:- Option-A

Question41:-സമ്പൂർണ്ണ ഡിജിറ്റൽ  സാക്ഷരതാനേട്ടം കരസ്ഥമാക്കിയ കേരളത്തിലെ ആദ്യ പഞ്ചായത്ത്

A:-പഴയന്നൂർ

B:-അജാനൂർ

C:-കാട്ടാക്കട

D:-പുല്ലൂരംപാറ

Correct Answer:- Option-D

Question42:-കേരളത്തിലെ ഏതു നഗരമാണ് സാംസ്കാരിക നഗരമായി അറിയപ്പെടുന്നത്?

A:-തിരുവനന്തപുരം

B:-കൊല്ലം

C:-തൃശ്ശൂർ

D:-കോഴിക്കോട്

Correct Answer:- Option-C

Question43:-എടക്ക ഗുഹ സ്ഥിതിചെയ്യുന്ന കേരളത്തിലെ ജില്ല

A:-പാലക്കാട്

B:-വയനാട്

C:-ഇടുക്കി

D:-എറണാകുളം

Correct Answer:- Option-C

Question44:-സ്വയം തൊഴിൽ - വേതന തൊഴിൽ പദ്ധതികളിൽ  ഉൾപ്പെടാത്തത് ഏത്?

A:-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

B:-ജീവനം പദ്ധതി

C:-അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

D:-സുഭിക്ഷ കേരളം പദ്ധതി

Correct Answer:- Option-B

Question45:-2024-ലെ പാരീസ് ഒളിമ്പിക്സിൽ ഇന്ത്യയ്ക്ക് എത്ര മെഡലുകൾ ലഭിച്ചു?

A:-8

B:-6

C:-7

D:-9

Correct Answer:- Option-B

Question46:-ഇന്ത്യയിലെ ആദ്യ അരി ATM സ്ഥാപിച്ചതെവിടെ?

A:-ഇൻഡോർ

B:-മധുര

C:-ഭുവനേശ്വർ

D:-മഥുര

Correct Answer:- Option-C

Question47:-ഒറ്റയാനെ കണ്ടെത്തുക

A:-സൈലൻറ് വാലി

B:-ഇരവികുളം

C:-തട്ടേക്കാട്

D:-മതികെട്ടാൻ ചോല

Correct Answer:- Option-C

Question48:-2024 ആഗസ്റ്റിൽ 75-ാം വാർഷികം ആചരിച്ച ഇന്ത്യൻ കറൻസി നോട്ട്

A:-1 രൂപ

B:-10 രൂപ

C:-20 രൂപ

D:-50 രൂപ

Correct Answer:- Option-A

Question49:-ഭൗമശാസ്ത്രജ്ഞർ സോയിൽ പൈപ്പിംഗ് എന്ന പ്രതിഭാസത്തെ എന്തുപേരിൽ വിശേഷിപ്പിക്കുന്നു?

A:-മണ്ണിൻറെ അൾസർ

B:-മണ്ണിൻറെ ഫീവർ

C:-മണ്ണിൻറെ ക്യാൻസർ

D:-മണ്ണിൻറെ പ്രഷർ

Correct Answer:- Option-C

Question50:-2024 ജൂൺ മാസം ളഗിൽ ഇന്ത്യയിൽ അവതരിപ്പിച്ച ജനറേറ്റീവ് AI ചാറ്റ് ബോട്ടിൻറെ പേരെന്ത്?

A:-ജെമിനി

B:-ജോയ്

C:-ലാമിയ

D:-കാൻഡി

Correct Answer:- Option-A

Question51:-2024-ലെ ഇന്ത്യയുടെ ദേശീയ അവാർഡിൽ മികച്ച ചിത്രമായി തിരഞ്ഞെടുക്കപ്പെട്ട മലയാള ചലച്ചിത്രം

A:-ആട്ടുജീവിതം

B:-ആട്ടം

C:-കണ്ണൂർ സ്ക്വാഡ്

D:-തടവറ

Correct Answer:- Option-B

Question52:-2024 ആഗസ്റ്റ് 16 ന് EOS-08 വിക്ഷേപിക്കാൻ ISRO ഉപയോഗിച്ച വിക്ഷേപണ വാഹനം ഏത്?

A:-SSLV D1

B:-PSLV D1

C:-GSLV D3

D:-SSLV D3

Correct Answer:- Option-D

Question53:-ഉച്ഛ്വാസവുമായി ബന്ധപ്പെട്ട പ്രസ്താവനകൾ പരിശോധിച്ച് ശരിയായ ഉത്തരം തെരഞ്ഞെടുക്കുക

പ്രസ്താവന (i) : ഡയഫ്രം ചുരുങ്ങി വളവ് അല്പം നിവരുന്നു, വാരിയെല്ലിൻ കൂട് ഉയരുന്നു

പ്രസ്താവന (ii) : ഡയഫ്രം പൂർവ്വസ്ഥിതിയിലാകുന്നു, വാരിയെല്ലിൻ കൂട് താഴുന്നു

പ്രസ്താവന (iii) : ഔരസാശയത്തിൻറെ വ്യാപ്തി വർദ്ധിക്കുന്നു, ശ്വാസകോശം വികസിക്കുന്നു

A:-പ്രസ്താവന (i) തെറ്റ്, (ii) & (iii) ശരി

B:-പ്രസ്താവന (i), (iii) ശരി, (ii) തെറ്റ്

C:-പ്രസ്താവന (i), (ii), (iii) ശരി

D:-പ്രസ്താവന (i) ശരി, (ii) & (iii) തെറ്റ്

Correct Answer:- Option-B

Question54:-മുറാ, നിലിരവി, ബാദാവരി എന്നീ അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങൾ താഴെപ്പറയുന്നവയിൽ ഏതിലാണ് ഉൾപ്പെടുക?

A:-പശു

B:-പോത്ത്

C:-ആട്

D:-എരുമ

Correct Answer:- Option-D

Question55:-ജലത്തിൽ കലർന്ന് കിടക്കുന്ന ഖരപദാർത്ഥങ്ങളെ അടിയിക്കുന്നതിനായി ആലം ചേർക്കുന്ന പ്രക്രിയയാണ്

A:-ക്ലാരിഫ്ളോക്കുലേഷൻ

B:-കൊയാഗുലേഷൻ

C:-ഫിൽട്ടറേഷൻ

D:-ക്ലോറിനേഷൻ

Correct Answer:- Option-B

Question56:-2024 ലോകപരിസ്ഥിതിദിന മുദ്രാവാക്യത്തിൻറെ പ്രധാന ആശയങ്ങൾ താഴെ പറയുന്നവയിൽ ഏതെല്ലാമെന്ന് കണ്ടെത്തുക

(i) ഭൂമി പുനഃസ്ഥാപിക്കൽ

(ii) മരുഭൂവൽക്കരണം

(iii) വരൾച്ചാ പ്രതിരോധം

(iv) പ്ലാസ്റ്റിക് രഹിത ഭാവി

A:-(i) & (ii) ശരിയാണ്

B:-(iii) & (iv) ശരിയാണ്

C:-(i) & (iii) ശരിയാണ്

D:-(ii) & (iv) ശരിയാണ്

Correct Answer:- Option-C

Question57:-2023-ലെ വൈദ്യശാസ്ത്ര നോബൽ സമ്മാനം ലഭിച്ചത് ആർക്കൊക്കെയാണ്?

A:-കാറ്റലിൻ കാരിക്കോ & ഡ്രൂ വെയ്സ്മാൻ

B:-പിയറി അഗോസ്റ്റിനി & ഫെറൻ ക്രൗസ്

C:-മൗംഗി ബാവേണ്ടി & ലൂയി ബ്രസ്

D:-ക്ലോഡിയ ഗോൾഡിൻ & നർഗ്ഗീസ് മുഹമ്മദലി

Correct Answer:- Option-A

Question58:-ആനമുടി ചോല, മതികെട്ടാൻ ചോല, പാമ്പാടും ചോല ഇവയെല്ലാം എന്തിൻറെ ഉദാഹരണമാണ്?

A:-വന്യജീവി സങ്കേതം

B:-പക്ഷി സങ്കേതം

C:-നാഷണൽ പാർക്ക്

D:-കണ്ടൽ വനങ്ങൾ

Correct Answer:- Option-C

Question59:-പ്രസ്താവന : വിറ്റാമിൻ A യുടെ അഭാവം നിശാന്ധതയ്ക്ക് കാരണമാവുന്നു

കാരണം : വിറ്റാമിൻ A റെറ്റിനയിലെ കാഴ്ചയ്ക്ക് സഹായകമായ ഘടകങ്ങൾ രൂപപ്പെടുന്നതിന് സഹായിക്കുന്നു

തന്നിരിക്കുന്ന പ്രസ്താവനയും കാരണവും പരിശോധിച്ച് ശരിയായ ഉത്തരം തെരഞ്ഞെടുക്കുക

A:-പ്രസ്താവന ശരി കാരണം തെറ്റ്

B:-പ്രസ്താവനയും കാരണവും ശരി

C:-പ്രസ്താവന തെറ്റ് കാരണം  ശരി

D:-പ്രസ്താവനയും കാരണവും തെറ്റ്

Correct Answer:- Option-B

Question60:-ബലത്തിൻറെ യൂണിറ്റ് എന്ത്?

A:-വാട്ട്

B:-ന്യൂട്ടൺ

C:-വോൾട്ട്

D:-പാസ്കൽ

Correct Answer:- Option-B

Question61:-കാഥോഡ് രശ്മികളുടെ സവിശേഷത അല്ലാത്തത് ഏത്?

A:-പോസിറ്റീവ് ചാർജ്ജ് ഉണ്ട്

B:-നേർരേഖയിൽ സഞ്ചരിക്കുന്നു

C:-മാസ് ഉണ്ട്

D:-കാന്തിക മണ്ഡലത്തിൽ ഇവയുടെ പാതയ്ക്ക് വ്യതിയാനം സംഭവിക്കുന്നു

Correct Answer:- Option-A

Question62:-ബോക്സൈറ്റ് ഏത് ലോഹത്തിൻറെ അയിര് ആണ്?

A:-ഇരുമ്പ്

B:-ചെമ്പ്

C:-സിങ്ക്

D:-അലുമിനിയം

Correct Answer:- Option-D

Question63:-ക്യാൻസർ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന ഐസോടോപ്പ് ഏത്?

A:-യുറേനിയം - 235

B:-കൊബാൾട്ട് - 60

C:-സോഡിയം - 24

D:-അയൺ - 59

Correct Answer:- Option-B

Question64:-കലോറിക മൂല്യത്തിൻറെ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച ഇന്ധനം

A:-ഹൈഡ്രജൻ

B:-മീതെയ്ൻ

C:-പെട്രോൾ

D:-എൽ.പി.ജി.

Correct Answer:- Option-A

Question65:-മൂന്ന് തവണ ബഹിരാകാശയാത്ര നടത്തിയ ഇന്ത്യൻ വംശജയായ ബഹിരാകാശ യാത്രികയുടെ പേര്

A:-വാലൻറീന തെരേഷ്കോവ

B:-സുനിതാ വില്യംസ്

C:-കൽപ്പന ചൗള

D:-റിതു കരിദാൽ

Correct Answer:- Option-B

Question66:-ഇന്ത്യയിൽ ആദ്യമായി സോളാർ എ.സി. ബസ്സ് സർവ്വീസ് ആരംഭിച്ച സ്ഥലം

A:-പത്തനംതിട്ട

B:-എറണാകുളം

C:-കണ്ണൂർ

D:-മലപ്പുറം

Correct Answer:- Option-C

Question67:-പ്രളയ ബാധിത പ്രദേശങ്ങളിൽ പടർന്നു പിടിക്കാൻ സാധ്യതയുള്ള ഒരു രോഗം __________ ആണ്.

A:-എലിപ്പനി

B:-ഡെങ്കിപ്പനി

C:-കോളറ

D:-സാർസ്

Correct Answer:- Option-A

Question68:-വൈറസുമായി ബന്ധപ്പെട്ട താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായത് കണ്ടെത്തുക

A:-ആതിഥേയ കോശങ്ങളിലെ ജനിതക സംവിധാനത്തെ ഉപയോഗപ്പെടുത്തിയാണ് വൈറസുകൾ പെരുകുന്നത്

B:-വൈറസിന് സങ്കീർണ്ണ ഘടനയാണുള്ളത്

C:-വൈറസുകൾ മനുഷ്യരെ മാത്രമേ ബാധിക്കുകയുള്ളൂ

D:-ഡിഫ്ത്തീരിയ ഒരു വൈറസ് രോഗമാണ്

Correct Answer:- Option-A

Question69:-മലമ്പനിക്ക് കാരണമായ രോഗവാഹകർ __________ ആണ്

A:-അനോഫിലിസ് പെൺ കൊതുക്

B:-അനോഫിലിസ് ആൺ കൊതുക്

C:-പ്ലാസ്മോഡിയം

D:-പ്രോകാരിയോട്ട്

Correct Answer:- Option-A

Question70:-താഴെ കൊടുത്തിരിക്കുന്നവയിൽ പകർച്ച വ്യാധികൾക്ക് ഉദാഹരണം അല്ലാത്തത് ഏത്?

A:-ക്യാൻസർ

B:-ഡയബെറ്റിക്

C:-ഹൈപ്പർ ടെൻഷൻ

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-D

Question71:-എൻഡോസൾഫാൻ ദുരിത ബാധിതർക്ക് പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതി ___________ എന്ന പേരിൽ അറിയപ്പെടുന്നു.

A:-സ്നേഹപൂർവ്വം

B:-സ്നേഹസാന്ത്വനം

C:-സ്നേഹസ്പർശം

D:-ആശ്വാസകിരണം

Correct Answer:- Option-B

Question72:-ഓട്ടിസം ബാധിച്ചവരുടെ സമഗ്ര പുരോഗതിക്കായി കേരളം സാമൂഹിക സുരക്ഷാ മിഷൻ ആരംഭിച്ച പദ്ധതി ______________ ആണ്.

A:-മിഖായേൽ

B:-ശരണ്യ

C:-ജീവനം

D:-സ്പെക്ട്രം

Correct Answer:- Option-D

Question73:-അമീബിക് മസ്തിഷ്ക ജ്വരം ആദ്യമായി കേരളത്തിൽ റിപ്പോർട്ട് ചെയ്ത ജില്ല _____________ ആണ്.

A:-ആലപ്പുഴ

B:-തൃശ്ശൂർ

C:-കോഴിക്കോട്

D:-തിരുവനന്തപുരം

Correct Answer:- Option-A

Question74:-താഴെ പറയുന്നവയിൽ ജീവിത ശൈലി രോഗത്തിന് ഉദാഹരണം എഴുതുക

A:-പക്ഷാഘാതം

B:-ക്യാൻസർ

C:-അനീമിയ

D:-എയ്ഡ്സ്

Correct Answer:- Option-A

Question75:-കേരള സർക്കാരിൻ്റെ പ്രമേഹം ബാധിച്ച കുട്ടികൾക്കുള്ള സൗജന്യ ചികിത്സ  പദ്ധതി __________ എന്ന പേരിൽ അറിയപ്പെടുന്നു.

A:-ചോക്ലേറ്റ്

B:-ജീവനം

C:-മിഠായി

D:-ശരണ്യ

Correct Answer:- Option-C

Question76:-താഴെ പറയുന്നവയിൽ ഈ വർഷത്തെ ലോകാരോഗ്യ ദിനത്തിലെ സന്ദേശം _____________

ആണ്.

A:-നമ്മുടെ ഭൂമി നമ്മുടെ ആരോഗ്യം

B:-അസമത്വ ലോകത്തിലും മാനസിക ആരോഗ്യം

C:-പ്ലാസ്റ്റിക് രഹിത ഭൂമി

D:-ഹരിതാഭമായ ഭൂമിക

Correct Answer:- Option-A

Question77:-താഴെ പറയുന്നവയിൽ ഏതു ജീവകമാണ് അസ്കോർബിക് ആസിഡ് എന്ന പേരിൽ അറിയപ്പെടുന്നത്?

A:-ജീവകം ബി1

B:-ജീവകം ഡി

C:-ജീവകം ഇ

D:-ജീവകം സി

Correct Answer:- Option-D

Question78:-100 ഗ്രാം കശുവണ്ടിപ്പരിപ്പിൽ നിന്ന് ലഭിക്കുന്ന മാംസ്യത്തിൻറെ അളവ് എത്രയാണ്?

A:-19.6

B:-6.8

C:-21.2

D:-17.1

Correct Answer:- Option-C

Question79:-ഏതു വിറ്റാമിൻറെ അഭാവം മൂലം ഉണ്ടാകുന്ന രോഗമാണ് കണ?

A:-ബി

B:-ഡി

C:-എ

D:-സി

Correct Answer:- Option-B

Question80:-താഴെപ്പറയുന്നവയിൽ പച്ചമുളകിൻറെ സങ്കരയിനം കണ്ടെത്തുക

A:-സൂര്യ

B:-അനാമിക

C:-അനുഗ്രഹ

D:-പവിത്ര

Correct Answer:- Option-C

Question81:-1901 + 1900 + $1900^2$ =

A:-$1901^2$

B:-1901

C:-$1902^2$

D:-ഇവയൊന്നുമല്ല

Correct Answer:- Option-A

Question82:-12.635 + 1.965 - 2.635 + 0.035 =

A:-10

B:-11

C:-12

D:-13

Correct Answer:- Option-C

Question83:-മാർച്ച് 1 വെള്ളിയാഴ്ച ആണെങ്കിൽ അതേ വർഷത്തെ നവംബർ 1 ഏതു ദിവസമായിരിക്കും?

A:-ശനി

B:-വെള്ളി

C:-വ്യാഴം

D:-ബുധൻ

Correct Answer:- Option-B

Question84:-$2^{40}$ യുടെ $\frac{1}{4}$ ഭാഗം എത്ര?

A:-$2^{10}$

B:-$2^{20}$

C:-$2^{38}$

D:-$2^{39}$

Correct Answer:- Option-C

Question85:-അനന്യക്ക് ഒരു കേക്കിൻറെ $\frac{2}{5}$ ഭാഗവും അൽമിതക്ക് അതേ കേക്കിൻറെ $\frac{10}{25}$ ഭാഗവും വീതിച്ച നൽകിയാൽ എത്ര ഭാഗം കേക്ക് മിച്ചമുണ്ടാകും?

A:-$\frac{1}{5}$

B:-$\frac{2}{5}$

C:-$\frac{3}{5}$

D:-$\frac{4}{5}$

Correct Answer:- Option-A

Question86:-ഒരു ചതുരത്തിൻറെ നീളവും വീതിയും തമ്മിലുള്ള അംശബന്ധം 3 : 2 ആണ്. ചതുരത്തിൻറെ ചുറ്റളവ് 60 സെ.മീ. ആണെങ്കിൽ വീതിയെത്ര?

A:-6 സെ.മീ.

B:-12 സെ.മീ.

C:-18 സെ.മീ.

D:-24 സെ.മീ.

Correct Answer:- Option-B

Question87:-7, 26, 63 എന്ന ശ്രേണിയിലെ അടുത്ത സംഖ്യ ഏത്?

A:-80

B:-99

C:-100

D:-124

Correct Answer:- Option-D

Question88:-10 നും 30 നും ഇടയിലുള്ള എല്ലാ അഭാജ്യ സംഖ്യകളുടെയും തുക എത്ര?

A:-83

B:-101

C:-102

D:-112

Correct Answer:- Option-D

Question89:-ഒരു വരിയിൽ സ്മിതയുടെ സ്ഥാനം അനുവിനേക്കാൾ മുന്നിലാണ്. വരിയുടെ മുന്നിൽ നിന്ന് അനുവിൻറെ സ്ഥാനം 12 ഉം, പിറകിൽ നിന്ന് സ്മിതയുടെ സ്ഥാനം 13 ഉം ആണ്. അനുവിൻറെയും സ്മിതയുടേയും ഇടയിൽ 3 പേർ നിൽക്കുന്നുണ്ട്. എങ്കിൽ ആ വരിയിൽ എത്ര പേർ ഉണ്ട്?

A:-19

B:-20

C:-21

D:-28

Correct Answer:- Option-B

Question90:-ഒരു ക്ലാസ്സിൽ 40% ആൺകുട്ടികളാണ്. ആ ക്ലാസ്സിലെ പെൺകുട്ടികളുടെ എണ്ണം 24 ആണെങ്കിൽ ആൺകുട്ടികളുടെ എണ്ണമെത്ര?

A:-16

B:-20

C:-40

D:-56

Correct Answer:- Option-A

Question91:-ഒറ്റയാനെ കണ്ടെത്തുക
121, 324, 476, 576

A:-121

B:-324

C:-476

D:-576

Correct Answer:- Option-C

Question92:-എൻറെ വയസ്സിൻറെ 3 മടങ്ങിനോട് 2 കൂട്ടിയതാണ് എൻറെ ചേച്ചിയുടെ വയസ്സ്. ചേച്ചിയുടെ വയസ്സ് 29 ആണെങ്കിൽ, എൻറെ വയസ്സെത്ര?

A:-9

B:-10

C:-13

D:-14

Correct Answer:- Option-A

Question93:-ഗണിതത്തിലെ 3 ക്ലാസ്സ് പരീക്ഷയിൽ മീന യഥാക്രമം 18, 16, 19 മാർക്കുകൾ നേടി. ഓരോ ക്ലാസ്സ് പരീക്ഷയും 20 മാർക്കിലാണ്. നാലാമത്തെ പരീക്ഷയിൽ എത്ര മാർക്ക് നേടിയാൽ മീനുവിന് ശരാശരി 18 മാർക്ക് നേടാൻ കഴിയും?

A:-20

B:-18

C:-17

D:-19

Correct Answer:- Option-D

Question94:-$\frac{1}{2},\frac{1}{4},\frac{1}{8}$ എന്നീ ഭിന്നസംഖ്യകളുടെ തുക 1 ൽ നിന്ന് കുറച്ചാൽ എത്ര കിട്ടും?

A:-$\frac{1}{2}$

B:-$\frac{1}{4}$

C:-$\frac{1}{8}$

D:-$\frac{7}{8}$

Correct Answer:- Option-C

Question95:-ഒരു കടക്കാരൻ 20 പേന 100 രൂപയ്ക്ക് വാങ്ങി. 1 പേന 6 രൂപക്ക് വിറ്റു. എങ്കിൽ ലാഭശതമാനം എത്ര?

A:-120%

B:-80%

C:-40%

D:-20%

Correct Answer:- Option-D

Question96:-ജോസഫ് അദ്ദേഹത്തിൻറെ വീട്ടിൽ നിന്ന് ജോലിസ്ഥലത്തേക്ക് 30 കിലോമീറ്റർ/മണിക്കൂർ വേഗതയിലും, തിരിച്ച് 120 കിലോമീറ്റർ/മണിക്കൂർ വേഗതയിലും യാത്ര ചെയ്യുന്നു. അങ്ങോട്ടുമിങ്ങോട്ടുമുള്ള യാത്രയ്ക്ക് ആകെ 5 മണിക്കൂർ എടുത്തുവെങ്കിൽ വീട്ടിൽ നിന്ന് ജോലിസ്ഥലത്തേക്കുള്ള ദൂരമെത്ര?

A:-30 കി.മീ.

B:-60 കി.മീ.

C:-90 കി.മീ.

D:-120 കി.മീ.

Correct Answer:- Option-D

Question97:-ഒരു സമചതുരത്തിൻറെ ഓരോ വശത്തിൽ നിന്ന് 1 സെ.മീ. കുറച്ചുള്ള പുതിയ സമചതുരത്തിൻറെ പരപ്പളവ് 2500 ചതുരശ്ര സെ.മീ. ആണെങ്കിൽ ആദ്യത്തെ സമചതുരത്തിൻറെ വശമെത്ര?

A:-50 സെ.മീ.

B:-51 സെ.മീ.

C:-49 സെ.മീ.

D:-48 സെ.മീ.

Correct Answer:- Option-B

Question98:-വിട്ടുപോയ പദം കണ്ടുപിടിക്കുക
3, 7, 15, ___, 63

A:-31

B:-30

C:-29

D:-28

Correct Answer:- Option-A

Question99:-ഒരു സ്ഥലത്ത് '+' എന്നത് ഹരണത്തേയും, '-' എന്നത് ഗുണനത്തേയും, '×' എന്നത് വ്യവകലനത്തേയും, '÷' എന്നത് സങ്കലനത്തേയും സൂചിപ്പിക്കുന്നുവെങ്കിൽ $[(20 \div 10) \times (12+3)] - 2$ എത്ര?

A:-28

B:-26

C:-52

D:-ഇവയൊന്നുമല്ല

Correct Answer:- Option-C

Question100:-ഒരു രണ്ടക്ക സംഖ്യയുടെ അക്കങ്ങളുടെ തുക 8. അക്കങ്ങൾ തിരിച്ചിട്ട് കിട്ടുന്ന പുതിയ രണ്ടക്കസംഖ്യ, തന്നിരിക്കുന്ന രണ്ടക്കസംഖ്യയേക്കാൾ 18 കൂടുതലാണ്. തിന്നിരിക്കുന്ന രണ്ടക്കസംഖ്യ ഏത്?

A:-26

B:-35

C:-53

D:-62

Correct Answer:- Option-B